# Malayala Manorama
# 29 August 2018
# Nedumbassery, After Flood, Flood Victim



കുറുമശേരി ഗവ. യുപി സ്കൂളിൽ അനിതയെ കാണാനെത്തിയ ദുഷ്യന്ത് കൗശൽ, ജസ്ന കരീം എന്നിവർ.

## അനിതയ്ക്ക് സഹപ്രവർത്തകരുടെ കരുതൽ

**വീട് പുനർനിർമിക്കാനും താൽക്കാലിക താമസസ്ഥലം കണ്ടെത്താനും സഹായം**

നെടുമ്പാശേരി ● സഹപ്രവർത്തകരുടെ കരുതലിൽ അനിതയ്ക്കു തലചായ്ക്കാൻ വീടൊരുങ്ങും. കുറുമശേരി ഗവ. യുപി സ്കൂളിലെ ദുരിതാശ്വാസ ക്യാംപിൽ നിന്നു സ്കൂൾ തുറക്കുന്നതുമൂലം ഇന്നലെ വൈകിട്ടു കുറുമശേരിയിലെ കമ്യൂണിറ്റി ഹാളിലേക്കു മാറിയ പാറക്കടവ് സ്വദേശിനി അനിതയെ സഹായിക്കാൻ വിമാനത്താവളത്തിലെ ഗ്രൗണ്ട് ഹാൻഡ്‌ലിങ് ഏജൻസിയായ ബിഡബ്ല്യുഎഫ്എസ് കമ്പനി തയാറായി. കമ്പനിയുടെ പ്രതിനിധികൾ ഇന്നലെ ക്യാംപിൽ എത്തി സഹായവാഗ്ദാനം നൽകി.



**പോകാനിടമില്ലാതെ അനിതയും മക്കളും**

കഷ്ടപ്പാടുകളുടെ നടുവിൽ ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ കഷ്ടപ്പെടുന്നതിനിടയിലാണു പാറക്കടവ് സ്വദേശിനിയായ അനിതയ്ക്കു പ്രളയത്തിന്റെ രൂപത്തിൽ വീണ്ടും ഇരുട്ടടി. രോഗിയായ അമ്മയോടും സെറിബ്രൽപാൾസി രോഗബാധിതനായ മകനോടും പ്ലസ് വൺ വിദ്യാർഥിനിയായ മകളോടുമൊപ്പം കഴിഞ്ഞിരുന്ന അനിത വെള്ളക്കെട്ടിൽ നിലംപൊത്താറായ വീട്ടിൽ നിന്നാണു ക്യാംപിലെത്തിയത്.

പ്രളയത്തിനിടെ ചിന്നിച്ചിതറിയ ജീവനക്കാരെ എല്ലാവരെയും കമ്പനിയുടെ എച്ച്ആർ വിഭാഗം പല ദിവസങ്ങളിലായി ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും ഫോൺ തകരാറിലായതിനാൽ അനിതയെ കിട്ടിയിരുന്നില്ല. മെട്രോ മനോരമയിൽ വന്ന അനിതയുടെ ദുരിതകഥ കണ്ടതോടെയാണ് ഇന്നലെ കമ്പനിയുടെ ഉയർന്ന ഉദ്യോഗസ്ഥർ ക്യാംപിലെത്തിയത്.

അനിതയുടെ വീടു പുനർനിർമിക്കാൻ സഹായം നൽകുമെന്നു കമ്പനി ജനറൽ മാനേജർ ദുഷ്യന്ത് കൗശൽ, എച്ച്ആർ മാനേജർ അനീബ് നെടിയറ, ക്വാളിറ്റി മാനേജർ ജസ്ന കരീം എന്നിവർ അറിയിച്ചു. വീട് ശരിയാകുന്നതുവരെ കുറുമശേരി പരിസരത്തു താമസസൗകര്യം ഒരുക്കാനും കമ്പനി സഹായം നൽകും.

തൃക്കാക്കര ലിറ്റിൽ ഫ്ലവർ ദേവാലയത്തിന്റെ കാരുണ്യ പദ്ധതിയിൽ പെടുത്തി അനിതക്കു വീട് നിർമിച്ചു നൽകുമെന്നു വികാരി ഫാ. ബിന്റോ കിലുക്കൻ അറിയിച്ചു.